**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ വനിതാ പോളിടെക്‌നിക് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട കോട്ടയ്ക്കൽ വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | 24.04.2019 തീയതിയിലെ സ.ഉ(സാധാ)നം.631/2019/ഉ.വി.വ നം.സർക്കാർ ഉത്തരവ് പ്രകാരം കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിൽ 3 (G+2) നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നി സുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. രണ്ട് ഘട്ടമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി , ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിൻ്െറ നിർമ്മാണ പ്രവൃത്തി ), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (Includes Construction of the building , water supply, sump, sanitary works, rain water harvesting) എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം M/s.KEL -മായി എഗ്രിമെന്റിൽ ഏർപ്പെടുന്നത് സംബന്ധിച്ച് നിർദേശങ്ങൾക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അനുമതി ആവശ്യപ്പെട്ടത് സർക്കാർ പരിശോധിച്ച്, ഒാരോ ഘട്ടത്തിലും ഉൾപ്പെടുത്തിയിരിക്കുന്ന 7% ചാർജ് എന്നത് ഉയർന്ന നിരക്കാണെന്നും, ആയതിനാൽ 28.04.2022 തീയതിയിലെ സ.ഉ(അച്ചടി) നം.67/2021/ധന നം. ഉത്തരവ് പ്രകാരം അനുവദനീയമായ പരമാവധി നിരക്ക് 5% വും കുറഞ്ഞത് 30 ലക്ഷം രൂപയാണെന്നും, കൂടാതെ വൈദ്യുതീകരണത്തിനും, അഗ്നിശമന സംവിധാനത്തിനുമുള്ള വിശദമായ എസ്റ്റിമേറ്റും, ഫൂട്ടിംഗ് ഫൗണ്ടേഷനെ പിന്തുണയ്ക്കുന്ന മണ്ണ് പരിശോധന റിപ്പോർട്ടും സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് നിർദേശിച്ചിട്ടുണ്ട്. ഘട്ടം 1, ഘട്ടം 2 എന്നിവ സംയോജിപ്പിച്ച് പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത |

| | | | |
|---|---|---|---|
| | | | ഏജൻസികളിൽ നിന്ന് മൽസര ഓഫറുകൾ നേടുന്നതിനുള്ള നടപടി ആരംഭിയ്ക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള നിർദേശങ്ങൾ പാലിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സ്ഥാപന മേധാവിക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശ പ്രകാരം, പുതുക്കിയ എസ്റ്റിമേറ്റ് സ്ഥാപനത്തിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് KEL-മായി എഗ്രിമെന്റിൽ ഏർപ്പെടുന്ന കാര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | 24.04.2019 തീയതിയിലെ സ.ഉ(സാധാ)നം.631/2019/ഉ.വി.വ നം.സർക്കാർ ഉത്തരവ് പ്രകാരം കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിൽ 3 (G+2) നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നി സുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. രണ്ട് ഘട്ടമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി , ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിൻെറ നിർമ്മാണ പ്രവൃത്തി ), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (Includes Construction of the building , water supply, sump, sanitary works, rain water harvesting) എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം M/s.KEL -മായി എഗ്രിമെന്റിൽ ഏർപ്പെടുന്നത് സംബന്ധിച്ച് നിർദേശങ്ങൾക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അനുമതി ആവശ്യപ്പെട്ടത് സർക്കാർ പരിശോധിച്ച്, ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തിയിരിക്കുന്ന 7% ചാർജ് എന്നത് ഉയർന്ന നിരക്കാണെന്നും, ആയതിനാൽ 28.04.2022 തീയതിയിലെ സ.ഉ(അച്ചടി) നം.67/2021/ധന നം. ഉത്തരവ് പ്രകാരം അനുവദനീയമായ പരമാവധി നിരക്ക് 5% വും കുറഞ്ഞത് 30 ലക്ഷം രൂപയാണെന്നും, കൂടാതെ വൈദ്യുതീകരണത്തിനും, അഗ്നിശമന സംവിധാനത്തിനുമുള്ള വിശദമായ എസ്റ്റിമേറ്റും, ഫൂട്ടിംഗ് ഫൗണ്ടേഷനെ പിന്തുണയ്ക്കുന്ന മണ്ണ് പരിശോധന റിപ്പോർട്ടും സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് നിർദേശിച്ചിട്ടുണ്ട്. ഘട്ടം 1, ഘട്ടം 2 എന്നിവ സംയോജിപ്പിച്ച് പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് മൽസര ഓഫറുകൾ |

| | | | |
|---|---|---|---|
| | | | നേടുന്നതിനുള്ള നടപടി ആരംഭിയ്ക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള നിർദേശങ്ങൾ പാലിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സ്ഥാപന മേധാവിക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശ പ്രകാരം, പുതുക്കിയ എസ്റ്റിമേറ്റ് സ്ഥാപനത്തിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് KEL-മായി എഗ്രിമെന്റിൽ ഏർപ്പെടുന്ന കാര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ